പേപ്പട്ടി വിഷബാധ ചികിത്സ നൽകുന്ന ആശുപത്രികൾ

50 (4333) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പേപ്പട്ടി വിഷബാധയേറ്റാൽ നൽകേണ്ട കുത്തിവയ്പ് നൽകുന്ന എത്ര ആശുപത്രികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മരുന്നിന് എത്ര വിലയാണെന്നും, എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് വിലയിൽ വ്യത്യാസമുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പേവിഷബാധയേറ്റാൽ നൽകേണ്ട കുത്തിവയ്പ്പ് നൽകുന്ന നാലുമുന്ന് ആശുപത്രികൾ ഉണ്ട്. ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(ബി) നടപ്പു സാമ്പത്തിക വർഷം ഒരു യൂണിറ്റിന് നാലുമുപ്പത്തിയൊന്ന് രൂപ നിരക്കിലാണ് പേവിഷബാധ പ്രതിരോധ വാക്സിനായ ആന്റി റാബീസ് വാക്സിൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് ആശുപത്രികൾക്ക് നൽകുന്നത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കെല്ലാം സൗജന്യമായാണ് മരുന്ന് വിതരണം ചെയ്യുന്നത്.

ആന്റിവെനം ചികിത്സ നൽകുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ

51 (4334) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷപാമ്പുകടിയേറ്റാൽ നൽകേണ്ട ആന്റിവെനം ചികിത്സ നൽകുന്ന എത്ര ആശുപത്രികൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആന്റിവെനം സൗജന്യമായാണോ നല്കുന്നത് എന്നും APL/BPL വിഭാഗങ്ങൾക്ക് വ്യത്യസ്ത വിലയ്ക്കാണോ ലഭ്യമാക്കുന്നത് എന്നുമുള്ള വിവരം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly